**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **21-06-2024 - ൽ മറുപടിയ്ക്ക്**

**റോബോട്ടിക് സർജറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ദെലീമ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൈടെക് ചികിത്സാ സാങ്കേതിക വിദ്യ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച റോബോട്ടിക് സർജറി സംവിധാനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹൈടെക് ചികിത്സാ സാങ്കേതിക വിദ്യ സാധാരണക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയ രീതി ഉപയോഗിച്ചുള്ള ചികിത്സാ രീതി ആരംഭിച്ചിട്ടുണ്ട്. റോബോട്ടിക് സർജറി എന്നത് സർജറി രംഗത്തെ ഏറ്റവും നൂതനമായ ചികിത്സാരീതിയാണ്. താക്കോൽ ദ്വാര ശസ്ത്രക്രിയ രീതി അവലംബിച്ച് കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യുവാൻ സാധിക്കുന്നു എന്നതാണ് റോബോട്ടിക് ശസ്ത്രക്രിയയുടെ മേന്മ. പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ കാൻസറിനുള്ള ശസ്ത്രക്രിയ, മലാശയ കാൻസറിന് ഉള്ള ശസ്ത്രക്രിയ, വൃക്കയിലെ കാൻസറിന് വൃക്ക സംരക്ഷിച്ചുകൊണ്ടുള്ള ശസ്ത്രക്രിയ, ശ്വാസകോശ കാൻസറിന് വേണ്ട ശസ്ത്രക്രിയ തുടങ്ങിയവയിൽ ലാപറോസ്കോപ്പി ഉപയോഗിച്ച് സാധ്യമല്ലാത്ത പല ശസ്ത്രക്രിയകളിലും റോബോട്ട് ഉപയോഗിച്ച് താക്കോൽദ്വാര ശസ്ത്രക്രിയ ചെയ്യാൻ സാധിക്കുന്നു. ശസ്ത്രക്രിയ യൂണിറ്റ് ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ മലബാർ കാൻസർ സെന്റർ-പി.ജി.ഐ.ഒ.എസ്.ആറിൽ സജ്ജമാക്കിയിട്ടുണ്ട്. ഇതു കൂടാതെ റോബോട്ടിക് ഉപകരണങ്ങൾ സ്റ്റെറിലൈസ് ചെയ്യുന്നതിനായി പുതിയ പ്ലാസ്മ സ്റ്റെറിലൈസർ വാങ്ങിയിട്ടുള്ളതു കൂടാതെ റോബോട്ടിക് സർജറി സംബന്ധിച്ച് ഡോക്ടർമാർക്കും ശസ്ത്രക്രിയ അനുബന്ധ ജീവനക്കാർക്കും ആവശ്യമായ പരിശീലനവും നൽകി വരുന്നു. മലബാർ കാൻസർ സെന്ററിൽ വൻകുടൽ, മലാശയം, വൃക്ക, ഗർഭാശയം തുടങ്ങിയ അവയവങ്ങളുടെ അർബുദം നീക്കം |

ചെയ്യുന്നതിന് റോബോട്ടിക് ശസ്ത്രക്രിയ രീതി ഉപയോഗിച്ചുള്ള ചികിത്സാ രീതി ആരംഭിച്ചിട്ടുണ്ട്. സമീപ ഭാവിയിൽ ഇത് പ്രോസ്റ്റേറ്റ്, അന്നനാളം, ശ്വാസകോശം, പാൻക്രിയാസ്, ആമാശയം എന്നിവയ്ക്ക് വേണ്ടി ഉപയോഗിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി, തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിൽ റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് 30 കോടി രൂപ ചെലവിൽ 15/01/2024 - ൽ ആരംഭിച്ചു. കേരളത്തിലെ ആദ്യത്തെയും ദക്ഷിണ ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റം ആണ് റീജിയണൽ കാൻസർ സെന്ററിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഒരേ സമയം രണ്ടു സർജന്മാർക്ക് ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്.

21/02/2024- ൽ കിഡ്നിയിൽ ക്യാൻസർ ബാധിച്ച രണ്ട് രോഗികൾക്ക് ആർ.സി.സി യിലെ ആദ്യത്തെ റോബോട്ടിക് ശസ്ത്രക്രിയ നടത്തി. നാളിതുവരെ കിഡ്നി, പ്രോസ്റ്റേറ്റ്, എൻഡോമെട്രിയം, കോളൻ, റെക്ടം എന്നീ കാൻസറുകൾക്കായി 13 റോബോട്ടിക് സർജറികളാണ് ആർ.സി.സി യിൽ നടത്തിയിട്ടുള്ളത്.

ഓപ്പൺ സർജറിയെ അപേക്ഷിച്ച് റോബോട്ടിക് സർജറി രോഗികൾക്ക് ലഭ്യമാക്കുന്ന പ്രധാന നേട്ടങ്ങൾ ആശുപത്രിയിലെ താമസം കുറയ്ക്കുന്നു, രോഗിയുടെ വേദനയും അസ്വസ്ഥതയും കുറയുന്നു, വേഗത്തിലുള്ള വീണ്ടെടുക്കൽ സമയം മൂലം സാധാരണ പ്രവർത്തനങ്ങളിലേക്ക് ചുരുങ്ങിയ സമയം കൊണ്ട് മടങ്ങിവരാൻ സഹായിക്കുന്നു, മുറിവുകൾ പരമ്പരാഗത ശസ്ത്രക്രിയയെക്കാൾ ചെറുതായതിനാൽ അണുബാധ യ്ക്കുള്ള സാധ്യത കുറയുന്നു, രക്തസ്രാവവും രക്തനഷ്ടവും കുറയ്ക്കുന്നു എന്നിവയാണ്.

ആഴമേറിയതും ബുദ്ധിമുട്ടുള്ളതുമായ ശരീരഭാഗങ്ങളുടെ മികച്ച ദൃശ്യവൽക്കരണവും, മാഗ്നിഫിക്കേഷനും, മെച്ചപ്പെടുത്തിയ വൈദഗ്ധ്യവും, കൂടുതൽ കൃത്യതയും ഉറപ്പുവരുത്തി മിനിമലി ഇൻവേസിവ് അല്ലെങ്കിൽ ലാപ്രോസ്കോപ്പിക് (ചെറിയ മുറിവ്) ശസ്ത്രക്രിയയുടെ വിപുലമായ രൂപമാണ് റോബോട്ടിക് സർജറി. ഒരു കമ്പ്യൂട്ടർ നിയന്ത്രിത റോബോട്ടിലൂടെ ശസ്ത്രക്രിയാ നിർവ്വഹിക്കുന്നതിനാൽ സാധാരണയായി കാണപ്പെടുന്ന പോരായ്മകൾ ഇല്ലാതാക്കി ശസ്ത്രക്രിയയെ കൂടുതൽ കൃത്യതയുള്ളതാക്കുന്നു.

| | | | |
|---|---|---|---|
| | | | റോബോട്ടിന്റെ "കൈകൾക്ക്" ഉയർന്ന അളവിലുള്ള വൈദഗ്ധ്യം ഉള്ളതിനാൽ, ശരീരത്തിലെ വളരെ ഇടുങ്ങിയ സ്ഥലങ്ങളിൽ ചെറിയ മുറിവിലൂടെ പ്രവർത്തിക്കാൻ ശസ്ത്രക്രിയാ വിദഗ്ധരെ സഹായിക്കുന്നു.<br><br>സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആദ്യമായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സർജിക്കൽ റോബോട്ട് സ്ഥാപിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ 29 കോടി രൂപ വകയിരുത്തുകയും ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് റോബോട്ടിക് സർജറി ആരംഭിച്ചിട്ടുള്ളത്; ഇതിനാവശ്യമായ തുക കണ്ടെത്തിയത് എപ്രകാരമാണ്; വിശദമാക്കാമോ; | (ബി) | മലബാർ കാൻസർ സെന്റർ- തലശ്ശേരി, റീജിയണൽ കാൻസർ സെന്റർ- തിരുവനന്തപുരം എന്നിവിടങ്ങളിലാണ് റോബോട്ടിക് സർജറി ആരംഭിച്ചിട്ടുള്ളത്. റീബിൾഡ് കേരള ഇനിഷ്യേറ്റിവ് വഴി അനുവദിച്ച തുക ഉപയോഗിച്ചാണ് പ്രസ്തുത സ്ഥാപനങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയ രീതി ആരംഭിച്ചത്.<br><br>റീജിയണൽ കാൻസർ സെന്ററിൽ, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ ചെലവിൽ 15/01/2024 - ൽ റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് ആരംഭിച്ചു. കേരളത്തിലെ ആദ്യത്തെയും ദക്ഷിണ ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റം ആണിത്. ഒരേ സമയം രണ്ടു സർജന്മാർക്ക് ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്.<br><br>റിബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി റോബോട്ടിക് സംവിധാനം ഒരുക്കുന്നതിനായി 05.05.2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം. 169/2023/പി&ഇ.എ പ്രകാരം മലബാർ കാൻസർ സെന്റർ - പിജി.ഐ.ഒ.എസ്.ആറിന് 29.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് ടെൻഡറുകൾ ക്ഷണിക്കുകയും, ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും INTUITIVE എന്ന കമ്പനിക്ക് പർച്ചേസ് ഓർഡറുകൾ നൽകുകയും ചെയ്തു. പ്രസ്തുത ഉപകരണം 28.05.2024 -ൽ മലബാർ കാൻസർ സെന്ററിൽ സ്ഥാപിച്ചു ശസ്ത്രക്രിയകൾ നടത്തിവരുന്നു. |
| (സി) | രാജ്യത്ത് മറ്റൊരിടത്തും സർക്കാർ മേഖലയിൽ റോബോട്ടിക് സർജറി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | രാജ്യത്ത് സർക്കാർ മേഖലയിലെ പ്രീമിയർ കാൻസർ സ്ഥാപനങ്ങളിൽ റോബോട്ടിക് ശസ്ത്രക്രിയ സംവിധാനം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റ് സംസ്ഥാനത്തെ മറ്റേതെല്ലാം സർക്കാർ ആശുപത്രികളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ? | (ഡി) | തുടർ വർഷങ്ങളിൽ ഘട്ടം ഘട്ടമായി മറ്റു മെഡിക്കൽ കോളേജുകളിൽക്കൂടി ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നു. |

സെക്ഷൻ ഓഫീസർ